

# മലയാളം

## എന്റെ നോട്ട് ബുക്ക്

## സ്നേഹം താൻ ശക്തി





# അർഥം എഴുതുക

| | | |
|---|---|---|
| കുരുണിപ്പ് | - | മുരടിപ്പ് |
| ശോഭ | - | ഭംഗി |
| തെറ്റാലി | - | കവണ |
| അനുബന്ധം | - | കൂട്ടിച്ചേർത്തത് |
| പൊഴിയുക | - | അടർന്ന് വീഴുക |
| മൃദുലം | - | മാർദവമുള്ളത് |
| വ്യാഹതി | - | നിഷേധം , തടസം |
| ലാക്ക് | - | ലക്ഷ്യം |
| ഒച്ച | - | ശബ്ദം |
| പീഡ | - | ഉപദ്രവം |
| വൃദ്ധി | - | വളർച്ച |
| ജഗത്ത് | - | ലോകം |
| ക്ഷുഭിതൻ | - | ക്ഷോഭിച്ചവൻ (കോപിച്ചവൻ ) |
| വസന്തം | - | പൂക്കാലം ( ഋതുക്കളിൽ ഒന്ന്) |

Govt.L.P. SCHOOL OLASSA

## അടിവരയിട്ടിരിക്കുന്ന പദത്തിന്റെ വിപരീതപദം ഉപയോഗിച്ച് പൂരിപ്പിക്കുക

- ചെറിയ കാര്യം തന്നെ വലിയ കാര്യമായി തീർന്നേക്കാം .
- മൃദുലമായിരുന്ന കൈത്തലം ജോലി ചെയ്തത് കഠിനമായി തീർന്നു
- പുതിയതു മാത്രമല്ല പഴയതും ഉപകാരമുള്ളതാണ് .
- വൃദ്ധിയും ക്ഷയവും ലോക തത്വമാണ് .
- ജീവിതത്തിൽ ഉയർച്ചയും താഴ്ചയും ഉണ്ടായിരിക്കും.
- ഒരു കയറ്റം ഉണ്ടെങ്കിൽ ഒരു ഇറക്കവും ഉണ്ട്

Govt.L.P SCHOOL OLASSA

# " അ " മുന്നിൽ ചേരുമ്പോൾ
# ലഭിക്കുന്ന കൂടുതൽ വിപരീത പദങ്ങൾ

| | | |
|---|---|---|
| നീതി | x | അനീതി |
| ആശ്രയം | x | അനാശ്രയം |
| ധർമം | x | അധർമം |
| വർണ്യം | x | അവർണ്യം |
| സത്യം | x | അസത്യം |
| ഹിംസ | x | അഹിംസ |
| സാധു | x | അസാധു |
| ചരം | x | അചരം |
| മാനുഷികം | x | അമാനുഷികം |
| ആസ്ഥ | x | അനാസ്ഥ |
| ഉപകാരം | x | അപകാരം |
| നിരപരാധി | x | അപരാധി |
| സുബദ്ധം | x | അബദ്ധം |
| ആർത്തി | x | അനാർത്തി |
| ഉപായം | x | അപായം |
| ഉപചാരം | x | അപചാരം |

Govt.L.P SCHOOL OLASSA

# പദങ്ങൾ പിരിച്ചെഴുതാം

- പറന്നുപോയി = പറന്ന് + പോയി
- തുള്ളിച്ചാടി = തുള്ളി + ചാടി
- അതിലൊരു = അതിൽ + ഒരു
- ഇലകളെല്ലാം = ഇലകൾ + എല്ലാം
- പട്ടുപോലെ = പട്ട് + പോലെ
- പൊഴിഞ്ഞുവീണു = പൊഴിഞ്ഞ് + വീണു
- പൂച്ചെടി = പൂ + ചെടി
- കൈയ്യിലിരുന്ന = കൈയ്യിൽ + ഇരുന്ന
- തറയിലിട്ടു = തറയിൽ + ഇട്ടു
- മധുരമായി = മധുരം + ആയി

Govt.L.P. SCHOOL OLASSA

# ഒറ്റപ്പദം എഴുതുക

- ക്ഷോഭം വന്നവൻ = ക്ഷുഭിതൻ
- പൂവിന്റെ കുല = പൂക്കുല
- പൂക്കുന്ന ചെടി = പൂച്ചെടി
- മനുഷ്യന്റെശബ്ദം = മനുഷ്യശബ്ദം
- പശുവിന്റെ കിടാവ് = പശുക്കിടാവ്
- ആലിന്റെ ഇല = ആലില
- പറക്കുന്നതളിക = പറക്കുംതളിക
- മധുരമുള്ള നാരങ്ങ = മധുരനാരങ്ങ
- രാജാവിന്റെകൊട്ടാരം = രാജകൊട്ടാരം

Govt.L.P SCHOOL OLASSA

# പദം ചേരുന്ന വാക്യം എഴുതുക

- ഏറ്റുപാടുക :- മനുവിന്റെ പാട്ട് കൂട്ടുകാർ ഏറ്റുപാടി
- ലാക്കുനോക്കുക :- വേട്ടക്കാരൻ തന്റെ ഇരയുടെ നേരെ തോക്കുമായി ലാക്ക് നോക്കിയിരുന്നു.
- അസാധാരണം:- ലോകം മുഴുവൻ ഒരു അസാധാരണ രോഗം പടർന്ന് പിടിച്ചിരിക്കുന്നു
- അത്ഭുതം :- കൊറോണക്കെതിരേയുള്ള അത്ഭുത മരുന്ന് ഉടൻ കണ്ടെത്തും
- പ്രത്യക്ഷപ്പെടുക:- പൊന്നമ്പലമേട്ടിൽ മകരജ്യോതി പ്രത്യക്ഷപ്പെട്ടു

Govt. L.P. SCHOOL OLASSA

# അർഥവ്യത്യാസം വരാതെ അടിവരയിട്ട പദം വാക്യത്തിന്റെ മറ്റൊരു ഭാഗത്ത് ചേർത്ത് വാക്യം മാറ്റി എഴുതുക

- ഒരിക്കലും ഒരു പക്ഷി പേടിയില്ലാതെ ഇത്ര അടുത്ത് വന്നിരിക്കുന്നത് കുട്ടൻ കണ്ടിട്ടില്ല .

  ഒരു പക്ഷി പേടിയില്ലാതെ ഇത്ര അടുത്ത് വന്നിരിക്കുന്നത് കുട്ടൻ ഒരിക്കലും കണ്ടിട്ടില്ല .

- മൈന ഓരോ കൊമ്പിലും മാറി മാറി ഇരുന്നു .

  ഓരോ കൊമ്പിലും മാറി മാറി മൈന ഇരുന്നു

- ആ പാട്ടിന്റെ മാധുര്യം അസാധാരണമായിരുന്നു .

  അസാധാരണമായിരുന്നു ആ പാട്ടിന്റെ മാധുര്യം .

- അവർ കളിക്കുകയാണ് മുറ്റത്ത് .

  മുറ്റത്ത് അവർ കളിക്കുകയാണ്

- അവനു തോന്നി പതുക്കെ അടുത്ത് ചെന്നാൽ അതിനെ കൈയിലെടുക്കാമെന്ന് .

  പതുക്കെ അടുത്ത് ചെന്നാൽ അതിനെ കൈയിലെടുക്കാമെന്ന് അവനു തോന്നി

GOVT. L.P. SCHOOL OLASSA

# ഉത്തരം കണ്ടെത്താം

1. കുട്ടൻ ക്ഷുഭിതനായതെന്തുകൊണ്ട് ?

മുറ്റത്ത് കളിച്ചുകൊണ്ടിരിക്കുന്ന കുട്ടന്റെ അരികിൽ ഒരു മൈന വന്നിരുന്നു . മൈനയെ പിടിക്കാനായി അതിന്റെ തൊട്ടടുത്ത് കുട്ടൻ എത്തിയപ്പോൾ മനുഷ്യർ ചിരിക്കുന്ന സ്വരത്തിൽ ഒച്ചയുണ്ടാക്കിക്കൊണ്ട് അതു പറന്നുപോയി . ഇതു കണ്ടിട്ടാണ്കുട്ടൻ ക്ഷുഭിതനായത് .

2. ലൈലയ്ക്കും കുട്ടനും അമ്മ പകർന്നു കൊടുത്ത പാഠമെന്തായിരുന്നു ?

ഒരു പീഡയെറുമ്പിനും വരുത്തരുതെന്നാണ് കുട്ടനും ലൈലയ്ക്കും അമ്മ പകർന്നുകൊടുത്ത പാഠം .

3." ഒരു പീഡയെറുമ്പിനും വരുത്തരുത് “ ഈ വരികൾ ആരുടേതാണ് ?ഏത് കൃതിയിലേതാണ് ?

ശ്രീനാരായണ ഗുരുവിന്റെ അനുകമ്പാ ദശകത്തിലേതാണ് ഈ വരികൾ

4. മൈനയുടെ പാട്ടുകേട്ട് മരത്തിനുണ്ടായ മാറ്റമെന്താണ് ?

മധുരമായി പാടിക്കൊണ്ട് മൈന മാവിൻ കൊമ്പിലിരുന്നപ്പോൾ അതിൽ ഉണങ്ങിയും മുരടിച്ചും നിന്നിരുന്ന ഇലകളെല്ലാം പൊഴിഞ്ഞു താഴെവീണു . അതിനു പകരം പട്ടുപോലെ മൃദുലമായ തളിരിലകൾ കൊമ്പിലാകെ വന്നുനിറഞ്ഞു . കൊമ്പിന്റെ അറ്റത്തെല്ലാം പൂക്കുലകളും നിറഞ്ഞു.

Govt. L.P. SCHOOL OLASSA

5. മൈനയുടെ പാട്ട് കുട്ടികൾ ഏറ്റുപാടിയപ്പോൾ ചുറ്റുപാടിനുണ്ടായ മാറ്റങ്ങൾ എന്തെല്ലാമാണ് ?

മൈന പാടിയ പാട്ട് കുട്ടികൾ എവിടെയെല്ലാം നിന്ന് പാടിയോ അവിടെയെല്ലാം നല്ല ശോഭയും മണവും തേനുമുള്ള പൂക്കൾ ഉതിർത്തുകൊണ്ട് ഓരോ ചെടി പ്രത്യക്ഷപ്പെട്ടു

6. മൈന മനുഷ്യശബ്ദത്തിൽ പാടിയ പാട്ടേതാണ് ? ആരുടെ വരികളാണിത് ?

കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി എന്ന കാവ്യത്തിൽ നിന്നുമുള്ള വരികളാണിത്

സ്നേഹത്തിൽ നിന്നുദിക്കുന്നു - ലോകം
സ്നേഹത്താൽ വൃദ്ധി തേടുന്നു ,
സ്നേഹം താൻ ശക്തി ജഗത്തിൽ – സ്വയം
സ്നേഹം താനാനന്ദമാർക്കും ;
സ്നേഹം താൻ ജീവിതം ശ്രീമൻ , - സ്നേഹ
വ്യാഹതി തന്നെ മരണം !

7. " ചേട്ടാ ഇത് വെറുമൊരു മൈനയല്ല . ' എന്തുകൊണ്ടായിരിക്കാം ലൈല ഇങ്ങനെ പറഞ്ഞത് ?

ലൈലയുടെ വീട്ടുമുറ്റത്ത് ഉണ്ടായിരുന്ന ഉണങ്ങി മുരടിച്ച ഇലകളുള്ള മാവിൽ പാട്ടുപാടി മൈന വന്നിരുന്നു . അപ്പോൾ പഴയ ഇലകളെല്ലാം കൊഴിഞ്ഞ് പുതിയ ഇലകളും പൂക്കളും മാവിലാകെ നിറഞ്ഞു. ഇതുകണ്ടാണ് അത് വെറുമൊരു മൈനയല്ല എന്ന് ലൈല പറഞ്ഞത്

Govt. L P SCHOOL OLASSA

## സ്നേഹവചനങ്ങൾ ശേഖരിക്കാം

- 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക'.
- 'സ്നേഹിക്കയുണ്ണീ നീ നിന്നെ ദ്രോഹിക്കുന്ന ജനത്തെയും'

ഇതുപോലെ സ്നേഹത്തിന്റെ മഹത്ത്വം സൂചിപ്പിക്കുന്ന വചനങ്ങൾ ശേഖരിക്കുക.

- സ്നേഹമാണഖിലസാരമൂഴിയിൽ
  സ്നേഹസാരമിഹസത്യമേകമാം (കുമാരനാശാൻ)
- ഒരൊറ്റമതമുണ്ടുലകിന്നുയിരാം പ്രേമമതൊന്നല്ലോ
  പരക്കെ നമ്മെ പാലമൂട്ടും പാർവണശശിബിംബം ( ഉള്ളൂർ )
- സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ സ്നേഹിച്ചിടാത്തൊരു
  തത്ത്വശാസ്ത്രത്തെയും ( വയലാർ )
- വിശുദ്ധി എന്നത് സ്നേഹത്തിന്റെ നിഴലിൽ നിന്നും വരുന്നതത്രേ . -
  (ടാഗോർ)
- സ്നേഹമില്ലാത്ത ജീവിതം ഇലകളും പഴങ്ങളുമില്ലാത്ത മരം
  പോലെയാണ് . - (ഖലീൽ ജിബ്രാൻ)
- സ്നേഹമില്ലാത്ത ജീവിതമെന്നത് മരണത്തിനു തുല്യമാണ് . -
  (ഗാന്ധിജി)

Govt. L.P. SCHOOL OLASSA

# ഈ പാഠഭാഗത്തുനിന്ന് മുൻ പരീക്ഷകളിൽ ചോദിച്ച ചോദ്യങ്ങളും ഉത്തരങ്ങളും

- ഒന്നാംപാദവാർഷിക മൂല്യനിർണയം

- 1. ഒരു പീഡയെറുമ്പിനും വരുത്തരുത് , എന്നതിലെ ആശയമെന്ത് ? ലഘുകുറിപ്പ് തയാറാക്കുക .

സഹജീവികൾക്ക് ഉപദ്രവകരമായ രീതിയിലുള്ള പ്രവൃത്തികൾ ചെയ്യരുത് . എല്ലാറ്റിനോടും സ്നേഹത്തോടെ പെരുമാറണം എന്ന വലിയ ആശയമാണ് ഒരു പീഡയെറുമ്പിനും വരുത്തരുത് എന്നതിലുള്ളത് . ഏറ്റവും നിസ്സാരമെന്ന് മനുഷ്യർ കരുതുന്ന ജീവിയാണ് ഉറുമ്പ് ഉറുമ്പിനെപ്പോലും ദ്രോഹിക്കരുത് എന്നു പറയുന്നതിൽനിന്ന് മറ്റുള്ളവരോട് നമുക്കുള്ള മനോഭാവം എന്തായിരിക്കണം എന്ന് വ്യക്തമാക്കുകയാണ് ചെയ്യുന്നത് .

- 2 എല്ലാ ജീവികളും ഭൂമിയുടെ അവകാശികളാണെന്നും അവയെ ഉപദ്രവിക്കരുതെന്നും നമുക്കറിയാം . എന്നിട്ടും പുഴുവിനെയും പൂമ്പാറ്റയെയും തുമ്പിയെയും ഉറുമ്പിനെയുമൊക്കെ നാം അറിഞ്ഞോ അറിയാതെയോ ഉപദ്രവിക്കുന്നു . പക്ഷികളെ എറിഞ്ഞുവീഴ്ത്താൻ കുട്ടൻ ശ്രമിച്ചത് ഓർമയില്ലേ ? നിങ്ങൾക്കും ജീവികളുമായി ബന്ധപ്പെട്ട് ഇത്തരം ധാരാളം അനുഭവങ്ങൾ ഉണ്ടാകുമല്ലോ ? സംഭവം നടന്ന സാഹചര്യം , അപ്പോൾ മനസ്സിനുണ്ടായ വികാരം , മനസ്സിനുണ്ടായ മാറ്റം എന്നിവയെല്ലാം ചേർത്ത് ഒരു അനുഭവക്കുറിപ്പ് തയാറാക്കുക .

[ഇതൊരു മാതൃക മാത്രമാണ് കുട്ടികൾ സ്വന്തം അനുഭവം ഇതുപോലെ എഴുതാൻ പരിശീലിക്കണം]

## അനുഭവക്കുറിപ്പ് (മാതൃക )

ഒരവധിക്കാലം ഞാൻ തിണ്ണയിൽ പുസ്തകം വായിച്ചു കൊണ്ടിരിക്കുകയായിരുന്നു . പെട്ടെന്ന് കാക്കകളെല്ലാം കരയുന്നതുകേട്ടു . ഞാൻ പുറത്തിറങ്ങി നോക്കി .മുറ്റത്ത് ഒരു തത്തക്കുഞ്ഞ് കിടക്കുന്നു . കാക്കകൾച്ചുറ്റും പറക്കുന്നു കാക്കകളുടെ കൊത്തു കൊള്ളാതെ ഓടിച്ചെന്ന് ഞാനതിനെ കയ്യിലെടുത്തു . അത് കിതയ്ക്കുന്നത് കണ്ടപ്പോൾ കുറച്ചു വെള്ളം ചുണ്ടിൽ ഇറ്റിച്ചുകൊടുത്തു. രണ്ടുമൂന്നു ദിവസം തീറ്റ നല്കി . അതിന് പറക്കാമെന്നായപ്പോൾ മുറ്റത്തു കൊണ്ടുവച്ചു . അത് പതിയെപ്പതിയെ പറന്ന് ഒരു മരക്കൊമ്പിലെത്തി . ഈ സമയത്ത് ദൂരെനിന്ന് ഒരു തത്തയുടെ ശബ്ദം കേട്ടു. അത് പറന്നുവന്ന് കുഞ്ഞിനെയുമായി പോയി . ആ തത്തക്കുഞ്ഞിനെ രക്ഷിക്കാൻ കഴിഞ്ഞതിൽ എനിക്ക് വലിയ ആശ്വാസം തോന്നി .

GOVT. L.P. SCHOOL OLASSA

# കേട്ടെഴുത്ത് വാക്കുകൾ


- മനുഷ്യശബ്ദം
- തെറ്റാലി
- മുരടിച്ച
- പീഡ
- അബദ്ധം
- കുരുണിപ്പ്
- അനുബന്ധം
- അസാധാരണം
- ക്ഷുഭിതൻ
- മാധുര്യം
- പ്രത്യക്ഷപ്പെടുക
- വൃദ്ധ
- ലാക്കുനോക്കുക
- സൂത്രക്കാരൻ



Govt.L.P. SCHOOL OLASSA

# പരിചയപ്പെടാം

## നിത്യചൈതന്യയതി



1924 നവംബർ 2-ാം തീയതി പത്തനംതിട്ട ജില്ലയിലെ മുറിഞ്ഞകല്ലിൽ (വകയാർ) ജനനം. ജയചന്ദ്രൻ എന്നായിരുന്നു ആദ്യത്തെ പേര്. സന്ന്യാസം സ്വീകരിച്ചപ്പോൾ പേര് നിത്യചൈതന്യയതി എന്നാക്കി. അധ്യാപകനായിരുന്നു.

പരിവർത്തനോന്മുഖ വിദ്യാഭ്യാസം, സത്യത്തിന്റെ മുഖങ്ങൾ, ഭാരതീയ മനഃശാസ്ത്രത്തിന് ഒരാമുഖം, നളിനി എന്ന കാവ്യശില്പം, ജാതിമതം ദൈവം, യതിചര്യ, മനഃശാസ്ത്രം ജീവിതത്തിൽ തുടങ്ങി നിരവധി കൃതികൾ രചിച്ചു. കേരള സാഹിത്യ അക്കാദമിയുടെ അവാർഡ് ലഭിച്ചിട്ടുണ്ട്. 1999 മെയ് 14 ന് അന്തരിച്ചു.